## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3752

25/06/2013 ൽ മറുപടിക്ക്

# മൊബൈൽ ടവറുകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി

ചോദ്യം

ശ്രീ. ചിറ്റയം ഗോപകുമാർ

മറുപടി

സി.എൻ. ബാലകൃഷ്ണൻ
സഹകരണവും ഖാദിഗ്രാമ വ്യവസായവും
മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി

(എ) കഴിഞ്ഞ അഞ്ചു വർഷത്തിൽ എത്ര മൊബൈൽ ഫോൺ ടവറുകൾ സ്ഥാപിക്കുന്നതിനു വേണ്ടി സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകിയിട്ടുണ്ട് എന്ന് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; എത്ര അപേക്ഷകളിന്മേൽ പ്രസ്തുത കാലയളവിനുള്ളിൽ അനുമതി നൽകുന്നത് നിഷേധിച്ചിട്ടുണ്ട്; ജില്ലാതലത്തിലുള്ള വിവരം ലഭ്യമാക്കുമോ;

(ബി) മൊബൈൽ ഫോൺ ടവറുകൾ സ്ഥാപിക്കാൻ വേണ്ടി അനുമതി നൽകുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡിന് എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളത് എന്നതിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രവർത്തിച്ചുവരുന്ന മൊബൈൽ ടവറുകളുമായി ബന്ധപ്പെട്ട് തുടർ പരിശോധനകൾ നടത്തുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(എ) യും (ബി) യും

മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി ആവശ്യമില്ല.

നിലവിൽ മൊബൈൽ ടവറുകളോടനുബന്ധിച്ചുള്ള ഡീസൽ ജനറേറ്റർ സെറ്റുകൾക്ക് മാത്രമാണ് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി നിഷ്കർഷിച്ചിട്ടുള്ളത്.

ഡി.ജി. സെറ്റിന്റെ പ്രവർത്തനത്തിലുള്ള പരാതികളുടെ അടിസ്ഥാനത്തിലും, അനുമതി വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നറിയാനും ബോർഡിൽ നിന്നും തുടർ പരിശോധന നടത്തുന്നതിന് വ്യവസ്ഥയുണ്ട്.

4

സെക്ഷൻ ഓഫീസർ